# പള്ളികഥകൾ

## മിനികഥകൾ അന്ത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചനോട് സഭയിലെ ഒരു മെത്രാച്ചൻ പറഞ്ഞ കഥയാണിത്. കഥയിൽ ചോദ്യമില്ലന്നറിയാമല്ലോ. ഇതിന്റെ ആദ്യ കുറേ ഭാഗം സാധാരണ നമ്മൾ കേട്ടിട്ടുള്ളതാണെങ്കിലും ബാക്കി ഭാഗം ഒരിക്കലും നമ്മൾ ചിന്തിച്ചിട്ടു പോലുമില്ലാത്തതാണ്.

# സ്വർഗ്ഗാവകാശി

നമ്മുടെ കേരളത്തിലെ ഒരു ഇടവകയിലെ വികാരിയച്ചനാണ് മത്തായി അച്ചൻ. ആ ഇടവകയിലെ തന്നെ എല്ലാവരും അറിയപ്പെടുന്ന ഒരു വ്യക്തിയാണ് കള്ളുമത്തായി. ഇയാൾ സാധാരണ ഒരു ബസ്സിലെ ഡ്രൈവറാണ്. എപ്പോഴും ധാരാളം മദ്യപിച്ച് നടക്കാറുള്ളതുകൊണ്ടാണ് നാട്ടുകാർ കള്ളുമത്തായി എന്ന ഓമന പേരിട്ടുകൊടുത്തത്. അയാൾ ജോലിയിലായിരിക്കുമ്പോഴും ധാരാളം മദ്യപിച്ചിരിക്കും. എന്നാലും അയാളുടെ ജോലിയിൽ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല. പോരാത്തതിന് അയാൾ സമർത്ഥനായ ഒരു ഡ്രൈവർ എന്ന പേരും കിട്ടിയിട്ടുണ്ട്. തന്മൂലം ജോലിയിൽ നിന്ന് പിരിച്ചുവിടാനോ എന്തെങ്കിലും നടപടിക്രമം ചെയ്യാനോ ആരും ഇതുവെരെ ഒരുമ്പെട്ടിട്ടില്ല.

നമ്മുടെ വികാരി മത്തായി അച്ചൻ പലപ്രാവശ്യം ഈ കള്ളുമത്തായിയെ ഉപദേശിച്ച് മടുത്തതാണ്. യാതൊരു ഫലവും കാണാതായപ്പോൾ അച്ചൻ ''അടിച്ചതിലേ പോയില്ലങ്കിൽ പോയതിലെ അടിയ്ക്കാം'' എന്ന നിലയിൽ ആയത്.

കള്ളുകത്തായിയെക്കുറിച്ച് വേറൊരു കഥയും കേൾക്കുന്നുണ്ട്. ചില ദിവസം രാത്രി പന്ത്രണ്ടു മണിയാകുമ്പോളാണ് ഇയാൾ വീട്ടിൽ എത്തുന്നത്. അപ്പോൾ മക്കൾ ആരെങ്കിലും അവിടെ കളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ എല്ലാ മക്കളേയും ഇയാൾ ''ഈ സമയത്ത് ഇവിടെ കിടന്നാണോ കളിക്കുന്നത്'' എന്നു ചോദിച്ച് എല്ലാവരേയും അടിച്ച് വീട്ടിന് വെളിയിൽ ചാടിച്ച് കതക് അകത്തു നിന്ന് പൂട്ടിയശേഷം, അല്പം കഴിഞ്ഞ് മക്കൾ എല്ലാവരേയും ''ഈ പാതിരാത്രിയ്ക്ക് വെളിയിൽ കിടന്നാണോ കളിക്കുന്നത്'' എന്നു പറഞ്ഞ് വീണ്ടും അടികൊടുത്ത് വീട്ടിനകത്ത് കയറ്റി വിടും.

അധികം പ്രായമാകുന്നതിന് മുമ്പായി നമ്മുടെ കള്ളു മത്തായി മരിച്ചു. അതുവെരെ എപ്പോഴും ''ഈ കാലമാടന്റെ തല എടുത്തോണോ'' എന്നെല്ലാം കരഞ്ഞും കൂവിയും നടന്നിരുന്ന അയാളുടെ ഭാര്യ നെഞ്ചത്തടിച്ച് അലമുറയിട്ട് കരഞ്ഞുകൊണ്ട് ''ഇനി എനിക്കാരുണ്ട് എന്റെ ദൈവമേ'' എന്നെല്ലാം പറഞ്ഞ് പ്രലപിയ്ക്കാൻ തുടങ്ങി. പാവം പിടിച്ച കള്ളുമത്തായി മരിച്ചപ്പോൾ ഭാര്യയും മക്കളും ഏതാനം ചില അയൽപക്കകാരുമായി ആരുപോരുമില്ലാതെ കോണ്ടു പോയി അടക്കി. അവരുടെ കൂടെ ദുഃഖിയ്ക്കാനും കരയാനും വേറെയാരുമില്ലായിരുന്നു.

കള്ളുമത്തായി മരിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ വികാരിയച്ചനായ മത്തായി അച്ചനും മരിച്ചു. അപ്പോൾ തന്നെ വിവരം ലോകം മുഴുവനും അറിയിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും, കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ഇൻഡ്യയുടെ നാനാ ഭാഗങ്ങളിൽ നിന്നും വളരെയധികം ആൾക്കാരും മെത്രാച്ചന്മാരും അച്ചന്മാരും കന്യാസ്ത്രീകളും എല്ലാമായി വലിയ ജനാവലിയുടെ സാനിദ്ധ്യത്തിൽ പുഷ്പചക്രങ്ങളുടേയും പുഷ്പങ്ങളുടേയും പൊതിയലിൽ ശവസംസ്ക്കാരം നടന്നു. ജനാവലിയുടെ ആരവം മൂലം റോഡുകളിൽ ഗതാഗത തടസമുണ്ടായി. ജനങ്ങളുടെ കണ്ണീർ മൂലം ജലപ്രളയമുണ്ടായി. സങ്കടാധിക്യം മൂലം സഭ വക ഔദ്യോഗിക സ്ഥാപനങ്ങൾക്ക് അവധി നൽകി.

മത്തായി അച്ചന്റെ ആത്മാവ് മുകളിലേക്ക് യാത്രയായി. ഏകദേശം സ്വർഗ്ഗം അടുക്കാറായി. അവിടെ ആത്മാവു നിന്നപ്പോൾ കണ്ടത് കള്ളുമത്തായിയുടെ ആത്മാവ് അവിടെ സ്വർഗ്ഗത്തിൽ മ്ശിഹായുടെ അടുക്കൽ.

അപ്പോൾ തീച്ചയായും എനിക്ക് അവിടെ ഇടം ഉണ്ട് അച്ചന്റെ ആത്മാവ് സ്വയം സമാധാനിച്ചു. എന്നാലും ജീവകാലം മുഴുവനും കള്ളുകുടിച്ചു നടന്ന ഇവൻ എങ്ങിനെ ഇവിടെ സ്വർഗ്ഗത്തിൽ എത്തി. എന്റെ ആത്മാവിന് സ്വർഗ്ഗത്തിൽ തീച്ചയായും ഈ സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടെങ്കിലും ഈ കള്ളുമത്തായി നിൽക്കുന്നതിന്റെ അടുത്തെങ്ങും വേണ്ടാന്നു പറയണം. എന്തായാലും ഒരു ഡയലോഗ് കാച്ചിയിട്ടു തന്നെ കാര്യം:

''എന്നാലും ഇത് എന്ത് മറ്റേ പണിയാ എന്റെ തമ്പുരാനേ! ജീവിച്ചിരുന്ന കാലമത്രയും കള്ളും കുടിച്ചു നടന്ന ഈ മത്തായിയെ എങ്ങിനെ സ്വർഗ്ഗാവകാശിയാക്കി.''

''എന്റെ സുവിശേഷങ്ങൾ വായിച്ച് ജനങ്ങൾക്ക് മനസ്സിലാക്കി കൊടുത്തിട്ടുള്ള അച്ചന് അക്കാര്യം അറിയാൻ പാടില്ലേ!''

''എന്നാലും ഇത് സ്വല്പം കടുത്ത കയ്യായി പോയി. സ്വർഗ്ഗത്തിൽ തന്നെയാണ് എനിക്ക് സ്ഥാനമെന്ന് എനിക്കറിയാം. എന്തായാലും ഈ കള്ളു മത്തായി നിൽക്കുന്നതിന്റെ ഏഴയൽ പക്കത്ത് എന്നെ ദയവായി നിർത്തല്ലേ''

അപ്പോഴേക്കും വി. പത്രോസും കർതൃശിഷ്യന്മാരെല്ലാവരും എത്തിച്ചേർന്നു. വി. പത്രോസ് പറഞ്ഞത്:

''അച്ചാ, ഇത് കേരളമല്ല ഇങ്ങിനെ ഒച്ചയും ബഹളവും ഉണ്ടാക്കാൻ. ഇപ്പോൾ നിങ്ങൾ നിൽക്കുന്നത് സ്വർഗ്ഗകവാടത്തിലാണ്. കേരളത്തിലെപോലെ ഹർത്താലും സത്യാഗ്രഹവും സമരവും ഉപവാസവും ഒച്ച വെയ്പും പാരപണിയും ഒന്നും ഇവിടെ നടക്കത്തില്ല.''

''ഞാനൊരു സീനിയർ വൈദികനാണ്. കൂടാതെ തന്നെ പോലെ വെറും മൂന്നരവർഷക്കാലം മാത്രം കർത്താവിന്റെ കൂടെ നടന്ന് കർത്താവിനെ തള്ളിപ്പറഞ്ഞ ശിഷ്യനുമല്ല; ഞാൻ കർത്താവിന്റെ പ്രതിപുരുഷനായി ദീർഘകാലം കർത്താവിന്റെ സുവിശേഷം പ്രഘോഷിച്ചു നടന്ന വൈദികനാണ്''

അപ്പോഴേക്കും വി. പത്രോസിന്റെ കയ്യിൽ വലിയ വിധിപ്രഖ്യാപ ചുരുൾ എത്തി. അതിൽ എഴുതിയിരിക്കുന്ന വിധിവാക്യം വായിക്കാൻ തുടങ്ങി.

''മത്തായി എന്ന നിങ്ങൾ, അച്ചനായി ഓർത്ത്ഡോക്സ് ദേവലയത്തിന്റെ വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിങ്ങളുടെ സേവന മഹാത്മ്യം കൊണ്ട് നിങ്ങൾക്ക് നരകത്തിന്റെ മൂന്നാം അറയിലേക്ക് പോകാനായി ഇതിനാലെ വിധിയായിരിക്കുന്നു.''

''അതെന്തോ മറ്റേടത്തെ പണിയാ എന്റെ തമ്പുരാനേ! കള്ളുകുടിച്ചു നടന്ന ഇവന് സ്വർഗ്ഗവും പുരോഹിതനായ എനിക്ക് നരകവും.''

''അവൻ കള്ളുകുടിച്ച് ബസ് ഓടിച്ചപ്പോൾ ദിനംപ്രതി എന്തുമാത്രം ജനങ്ങൾ എന്നെ എപ്പോഴും വിളിച്ചിരുന്നു. താൻ എന്റെ പ്രതിപുരുഷനായി നടന്ന് ശമ്പളവും കൂടാതെ കിമ്പളവും വാങ്ങി എന്നേയും ഈ പാവം പിടിച്ച ജനങ്ങളേയും വഞ്ചിക്കുകയല്ലായിരുന്നോ? താൻ മൂലം ഈ ലോകത്തിലുള്ള ഒരൊറ്റ ഒരുത്തൻ പോലും ഒരു ദിവസമല്ല ഒരു മിനിറ്റുപോലും എന്നെ വിളിച്ചിട്ടില്ലല്ലോ!''

കർത്താവിന്റെ മറുപടിയിൽ അച്ചൻ ലജ്ജിതനായി.